അനന്തപുരി

www.keralakaumudi.com www.facebook.com/keralakaumudi

സിറ്റി കൗമുദിയിൽ

- ആമീൻ കുളത്തോട് എന്തിനീ അവഗണന?
- 'ഹെൽത്ത്' കളയുന്ന ഇ-ഹെൽത്ത്
- അപകടക്കെണിയായി ബസ് സ്റ്റോപ്പ്

നീരാഴി ശാഖ

തിരുവനന്തപുരം : എസ്.എൻ.ഡി.പി യോഗം നീരാഴി ശാഖാ ഗുരുമന്ദിരത്തിൽ പ്രതിമാസ ചതയദിന പൂജ നടത്തും. 17ന് രാവിലെ 7ന് ഗുരുപൂജ, പ്രാർത്ഥന, വൈകിട്ട് 5ന് ചതയദിന പൂജ, ഗുരുദേവ കൃതികളുടെ പ്രാർത്ഥനയും പായസ വിതരണവും, 6ന് പ്രതിമാസ ക്ഷേമ പെൻഷൻ വിതരണവും നടക്കും. ശാഖാ പ്രസിഡന്റ് എൻ. ആനന്ദരാജൻ പെൻഷൻ വിതരണം ചെയ്യും. ശാഖാ ഭാരവാഹികൾ, വനിതാസംഘം അംഗങ്ങൾ, മൈക്രോ ഫിനാൻസ് യൂണിറ്റ് അംഗങ്ങൾ എന്നിവർ പങ്കെടുക്കണമെന്ന് ശാഖാ സെക്രട്ടറി എസ്.എസ്. സതീഷ് അഭ്യർത്ഥിച്ചു.

കല്ലമ്പള്ളി ശാഖ

തിരുവനന്തപുരം: എസ്.എൻ.ഡി.പി യോഗം കല്ലമ്പള്ളി ശാഖയിലെ ഗുരുപ്രഭ വനിതാ സംഘത്തിന്റെ വാർഷിക പൊതുയോഗവും ഭരണ സമിതി തിരഞ്ഞെടുപ്പും യൂണിയൻ വനിതാ സംഘം വൈസ് പ്രസിഡന്റ് പ്രസന്നകുമാരി ഉദ്ഘാടനം ചെയ്തു. ശാഖ സെക്രട്ടറി സദാനന്ദൻ, വനിതാ സംഘം ഭാരവാഹികളായ സുജാത തങ്കപ്പൻ, വിനീതകുമാരി, ബി.ഡി.ജെ.എസ് ജില്ലാ കമ്മിറ്റി അംഗങ്ങളായ സുജാത. എസ്, സുമ ആർ.എസ്, തുടങ്ങിയവർ സംസാരിച്ചു. വനിതാ സംഘത്തിന്റെ ഭാരവാഹികളായി വത്സല സുകേശ് (കൺവീനർ), സതി എസ്.എസ് (ജോ. കൺവീനർ) എന്നിവരെ തിരഞ്ഞെടുത്തു.

കരകുളം ശാഖ

തിരുവനന്തപുരം: എസ്.എൻ.ഡി.പി യോഗം കരകുളം ശാഖയിൽ ചതയപൂജ 17ന് വൈകിട്ട് 5.30ന് കരകുളം ആറാംകല്ല് ഹരിഹരനിലയത്തിൽ ഷാജികുമാറിന്റെ വസതിയിൽ നടക്കും. വൈക്കം ഉദയരാജന്റെ കാർമ്മികത്വത്തിൽ പൂജയും ദീപാരാധനയും സമൂഹപ്രാർത്ഥനയും നടത്തും.

ചതയദിന പൂജ

തിരുവനന്തപുരം: ചേന്തി ഗുരുമന്ദിരത്തിൽ എല്ലാ മാസവും നടത്തിവരാറുള്ള ചതയദിന പൂജയും ഗുരുദേവ പ്രാർത്ഥനയും 17ന് വൈകിട്ട് 6.45ന് നടത്തുന്നു. എല്ലാ ഭക്തജനങ്ങളും പങ്കെടുക്കണമെന്ന് പ്രസിഡന്റ് ജേക്കബ് കെ. എബ്രഹാമും സെക്രട്ടറി ബി. സാംബശിവനും അറിയിച്ചു.

സംഭാവന

തിരുവനന്തപുരം: ഗൗരീശപട്ടം ടി.സി 2/1686 ചിത്രാലയം ജി.ആർ.എ 566 ൽ പരേതനായ സി. ചെല്ലപ്പൻ സാറിന്റെ 20-ാം ചരമവാർഷികവും മകൾ ചിത്രയുടെ 24-ാം ചരമവാർഷികവും സംബന്ധിച്ച് വഞ്ചി പുവർ ഫണ്ടിലേക്ക് അന്നദാനത്തിനായി പി.സി. ചന്ദ്രമതി 1001 രൂപ സംഭാവന നൽകി.

കാവ് സംരക്ഷണ സമിതി

കഴക്കൂട്ടം : പുല്ലാട്ടുകരി കാവ് സംരക്ഷണ സമിതി ഭാരവാഹികൾ : എം. സുദർശനൻ (രക്ഷാധികാരി), പി. പ്രസാദ് (പ്രസിഡന്റ്), പി. സുഭാഷ്ചന്ദ്രൻ (വൈസ് പ്രസിഡന്റ്), എസ്. സനൽകുമാർ (സെക്രട്ടറി), എ. ബിജു (ജോയിന്റ് സെക്രട്ടറി), ഡി. സുരേഷ് (ഖജാൻജി), ബിനദാസ്, കരുണാകരൻ, അജിത്കുമാർ, സതീഷ് (എക്സിക്യൂട്ടീവ് അംഗങ്ങൾ).

വെള്ളക്കരം കുടിശിക അടയ്ക്കണം

തിരുവനന്തപുരം: വാട്ടർ അതോറിട്ടിയുടെ കരമന, തിരുമല സെക്‌ഷനുകളിൽപ്പെട്ടവർ വെള്ളക്കരം കുടിശിക മാർച്ച് ഒന്നിന് മുമ്പ് അടയ്ക്കണം. പ്രവർത്തനരഹിതമായ മീറ്ററുകൾ വാട്ടർ അതോറിട്ടിയുമായി ബന്ധപ്പെട്ട് സ്വന്തം ചെലവിൽ മാറ്റിവയ്ക്കണം. അല്ലാത്തപക്ഷം മുന്നറിയിപ്പില്ലാതെ കണക്‌ഷനുകൾ വിച്ഛേദിക്കുമെന്നും റവന്യൂ റിക്കവറി സ്വീകരിക്കുമെന്നും അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനിയർ അറിയിച്ചു.

ശനീശ്വര പൂജ

തിരുവനന്തപുരം: ചാക്ക ബൈപ്പാസ് മുടമ്പിൽ ശാസ്താക്ഷേത്രത്തിലെ ശനിദോഷ പരിഹാരത്തിന് വേണ്ടി 17ന് രാവിലെ 9.30ന് ക്ഷേത്ര തന്ത്രി ശാസ്താ മണി പോറ്റിയുടെ മുഖ്യകാർമ്മികത്വത്തിൽ ശനീശ്വരപൂജ നടത്തും.

തിരുമല അണ്ണൂർ ഭഗവതിക്ഷേത്രം

തിരുവനന്തപുരം: തിരുമല അണ്ണൂർ ഭഗവതി വിലാസം എൻ.എസ്.എസ് കരയോഗം വക അണ്ണൂർ ശ്രീഭഗവതിക്ഷേത്രത്തിലെ ഇക്കൊല്ലത്തെ കുംഭഭരണി മഹോത്സവം 20, 21, 22 തീയതികളിൽ വിശേഷാൽ പൂജ, കലാപരിപാടികൾ, അന്നദാനം, ആനപ്പുറത്ത് എഴുന്നെള്ളത്ത് എന്നിവയോടുകൂടി നടത്താൻ തീരുമാനിച്ചിരിക്കുന്നു. 22 ന പ്രസിദ്ധമായ അണ്ണൂർ പൊങ്കാല. 20ന് രാവിലെ 6 ന് മഹാഗണപതിഹോമം, ക്ഷേത്രതന്ത്രി ഈശ്വരൻ നമ്പൂതിരിയുടെ മുഖ്യകാർമ്മികത്വത്തിൽ നവകപൂജ, കളഭാഭിഷേകം. 11 ന് നാഗരൂട്ട്, 1ന് അന്നദാനം, 7ന് വീഡിയോ ഷോ പ്രദർശനം, 7.15 ന് ഗണപതി ഭഗവാന് അപ്പംമൂടൽ, 8.30 ന് പുഷ്പാഭിഷേകം, 9ന് ഡാൻസ്.

21 ന് രാവിലെ 5.45 ന് ദീപാരാധന, 8 ന് നാരായണീയ പാരായണം, 10.30 ന് നാഗരൂട്ട്, 1 ന് അന്നദാനം, വൈകിട്ട് 5 ന് നടതുറക്കൽ, 6.30 ന് അലങ്കാര ദീപാരാധന, 6.45 ന് ഗീതാപ്രഭാഷണം, 7 ന് ഗണപതി ഭഗവാന് അപ്പംമൂടൽ, 8.30 ന് പുഷ്പാഭിഷേകം, 9 ന് കഥാപ്രസംഗം. 22 ന് രാവിലെ 5.15 ന് അഷ്ടാഭിഷേകം, 8 ന് ഭാഗവത പാരായണം, 9.30 ന് അണ്ണൂർ പൊങ്കാല, 10.30 ന് നാഗരൂട്ട്, 12 ന് പന്തീർനാഴി, 12.30 ന് പൊങ്കാല നിവേദ്യം, 1ന് അന്നദാനം, വൈകിട്ട് 4.30 ന് നട തുറക്കൽ, 5.30 ന് അലങ്കാര ദീപാരാധന, 6.30 ന് നിറപറ, ആനപ്പുറത്ത് എഴുന്നള്ളത്ത്.

നവീകരിച്ച അക്കമ്മ ചെറിയാൻ പാർക്ക് ഉദ്ഘാടനം ചെയ്തു

തിരുവനന്തപുരം: നന്തൻകോട്ട് നവീകരിച്ച അക്കമ്മ ചെറിയാൻ പാർക്ക് മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി ഉദ്ഘാടനം ചെയ്തു. മേയർ വി.കെ. പ്രശാന്തിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന ചടങ്ങിൽ വാർഡ് കൗൺസിലർ പാളയം രാജൻ സ്വാഗതം പറഞ്ഞു.

ശതാഭിഷിക്തയായ പ്രശസ്ത കവയിത്രി സുഗതകുമാരിയെ മേയർ പൊന്നാട അണിയിച്ചു. ടൗൺ പ്ലാനിംഗ് സ്റ്റാൻഡിംഗ് കമ്മിറ്റി അദ്ധ്യക്ഷൻ ആർ. സതീഷ്‌കുമാർ പദ്ധതി വിശദീകരണം നടത്തി. പരിപാലന ചുമതല ഏറ്റെടുത്ത ക്രൈസ്റ്റ് നഗർ സ്കൂൾ മാനേജർ ഫാ. ജോസഫ് വട്ടപ്പറമ്പിലിന് ചടങ്ങിൽ ധാരണാപത്രവും താക്കോലും കൈമാറി.

രാജ്ഭവന് എതിർവശത്ത് സ്ഥാപിച്ചിട്ടുള്ള അക്കമ്മ ചെറിയാൻ പാർക്ക് ക്രൈസ്റ്റ് നഗർ സ്കൂളിന്റെ സഹായത്തോടെയാണ് നഗരസഭ നവീകരിച്ചത്. സ്ഥിരം സമിതി അദ്ധ്യക്ഷരായ വഞ്ചിയൂർ പി. ബാബു, ആർ. ഗീതാ ഗോപാൽ, കൗൺസിലർ ഡി. അനിൽകുമാർ എന്നിവർ ആശംസകൾ അർപ്പിച്ചു. ക്രൈസ്റ്റ് നഗർ സ്കൂൾ പ്രിൻസിപ്പൽ റവ. ഫാ. ഡോ. കുര്യൻ ചാലങ്ങാടി സി.എം.ഐ നന്ദി പറഞ്ഞു.

പേട്ടയിൽ സിഗ്നൽ തകരാർ; ട്രെയിനുകൾ വൈകി

തിരുവനന്തപുരം: പേട്ടയിൽ സിഗ്നൽ തകരാർ മൂലം രാവിലെ നഗരത്തിലേക്കുള്ള ട്രെയിനുകൾ വൈകി. കോട്ടയം മുതൽ കഴക്കൂട്ടം വരെയുള്ള പ്രദേശങ്ങളിൽ നിന്ന് വിവിധ ഓഫീസുകളിലെത്തേണ്ട ജീവനക്കാർ ഇതോടെ ദുരിതത്തിലായി.

വഞ്ചിനാട്, മലബാർ, ഇന്റർസിറ്റി, മുംബയ് ജയന്തി ജനത, ദിബ്രുഗഡ് - കന്യാകുമാരി തുടങ്ങിയ ട്രെയിനുകളാണ് വഴിയിൽ കുടുങ്ങിയത്. ട്രെയിനുകൾ പേട്ട, കൊച്ചുവേളി, കഴക്കൂട്ടം തുടങ്ങിയ സ്റ്റേഷനുകളിൽ പിടിച്ചിട്ടു.പേട്ട റെയിൽവേ സ്റ്റേഷനും തിരുവനന്തപുരം സെൻട്രൽ റെയിൽവേ സ്റ്റേഷനുമിടയിലുള്ള ഐ.ബി സിഗ്നലിൽ രാവിലെ 9.35 ഓടെയാണ് തകരാർ കണ്ടെത്തിയത്. കഴക്കൂട്ടം മുതൽ തിരുവനന്തപുരം വരെയുള്ള ട്രെയിനുകളെ നിയന്ത്രിക്കുന്ന സിഗ്നലാണ് ഇന്റർമീഡിയറ്റ് ബ്ലോക്ക് സിഗ്നൽ എന്ന ഐ.ബി സിഗ്നൽ. രണ്ടു പ്രധാന സ്റ്റേഷനുകൾക്കിടയിൽ രണ്ടു ട്രെയിനുകൾ ഒന്നിനു പിന്നാലെ മറ്റൊന്നായി വരികയാണെങ്കിൽ ആദ്യ ട്രെയിൻ തിരുവനന്തപുരം സ്റ്റേഷനിൽ പ്രവേശിച്ചതിന് ശേഷമാണ് രണ്ടാമത്തെ ട്രെയിൻ കൊച്ചുവേളിയിൽ നിന്ന് വിടുക.

ഇത് സമയം നഷ്ടപ്പെടുത്തുമെന്നതിനാൽ ആദ്യ ട്രെയിൻ പേട്ട വിട്ടുകഴിഞ്ഞാൽ തൊട്ടുപിന്നാലെയുള്ള ട്രെയിനിനെ കൊച്ചുവേളിയിൽ നിന്ന് പുറപ്പെടാൻ അനുവദിക്കുകയും അതിനെ ഐ.ബി സിഗ്നലിൽ പിടിച്ചിടുകയുമാണ് രീതി.

ഈ സംവിധാനം മൂലം ആദ്യ ട്രെയിൻ തിരുവനന്തപുരം സ്റ്റേഷനിൽ പ്രവേശിച്ചാൽ തൊട്ടുപിന്നാലെ രണ്ടാമത്തെ ട്രെയിനിനും സ്റ്റേഷനിലെത്താനാകും. തിരുവനന്തപുരം സെൻട്രലിലേക്ക് ട്രെയിനുകളെല്ലാം വിടുന്നത് ഐ.ബി സിഗ്നൽ ഉപയോഗിച്ച് നിയന്ത്രിച്ചാണ്.

രാവിലെ 10.10 ഓടെ സിഗ്നൽ തകരാർ പരിഹരിച്ചെങ്കിലും ട്രെയിൻ ഗതാഗതം സാധാരണ ഗതിയിലായത് 12ഓടെയാണ്. തിരുവനന്തപുരത്തുനിന്ന് പുറപ്പെടുന്ന ട്രെയിനുകളെ സിഗ്നൽ തകരാർ ബാധിച്ചില്ല.

ദേശീയ വാഴ മഹോത്സവം

തിരുവനന്തപുരം: സിസയും കല്ലിയൂർ ഗ്രാമ പഞ്ചായത്തും സംയുക്തമായി വെള്ളായണി ക്ഷേത്ര മൈതാനത്ത് 17 മുതൽ 21 വരെ സംഘടിപ്പിക്കുന്ന ദേശീയ വാഴമഹോത്സവം കേന്ദ്രമന്ത്രി രാധാമോഹൻ സിംഗ് ഉദ്ഘാടനം ചെയ്യും. സർക്കാർ തലത്തിലും സ്വകാര്യമേഖലയിലും പ്രവർത്തിക്കുന്ന ഇരുപതോളം സംഘടനകളും കർഷകരും വ്യവസായ സംരംഭകരും ദേശീയ വാഴമഹോത്സവത്തിന്റെ ഭാഗമാകും.

മന്ത്രി കടകംപള്ളി സുരേന്ദ്രൻ പ്രദർശനങ്ങളുടെ ഉദ്ഘാടനം നിർവഹിക്കും. സംഘാടക സമിതി ചെയർമാൻ സുരേഷ്‌ഗോപി എം.പി, എം.എൽ.എമാരായ ഒ. രാജഗോപാൽ, എം. വിൻസെന്റ്, ഐ.ബി. സതീഷ്, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് വി.കെ. മധു എന്നിവർ അതിഥികളാകും. ഉദ്ഘാടന ദിനത്തിൽ രാവിലെ 10 ന് സംഘടിപ്പിക്കുന്ന സാങ്കേതിക സെമിനാറുകൾക്ക് കാർഷിക സർവകലാശാലാ ഡീൻ ഡോ. എ. അനിൽകുമാർ തുടക്കം കുറിക്കും.

സഹോദരീ ഭർത്താവിന്റെ കാർ മോഷ്ടിച്ച് പണയംവച്ച യുവാവിനെ പൊലീസ് പൊക്കി

പേരൂർക്കട : പണം കടം നൽകാത്തതിന്റെ പേരിൽ കാർ മോഷ്ടിച്ച് പണയം വച്ച സെക്രട്ടേറിയറ്റ് ജീവനക്കാരന്റെ ഭാര്യാ സഹോദരനെ പൊലീസ് പൊക്കി. പട്ടം പ്ലാമൂട് സ്വദേശിയായ സനലാണ് (37) മണ്ണന്തല പൊലീസിന്റെ പിടിയിലായത്. സെക്രട്ടേറിയറ്റിലെ നിയമ വകുപ്പ് ജീവനക്കാരനായ അലക്സിന്റെ പരാതിയിലാണ് അറസ്റ്റ്. സംഭവത്തെപ്പറ്റി പൊലീസ് പറയുന്നത്: ഒരു വർഷം മുമ്പ് അലക്സിനോട് സനൽ അരലക്ഷം രൂപ വായ്പയായി ചോദിച്ചു. തന്റെ കൈവശം പണമില്ലെന്ന് അലക്സ് പറഞ്ഞു.

തുടർന്ന് സനൽ മടങ്ങിപ്പോയി. അലക്സിന്റെ ഭാര്യ സ്വകാര്യ സ്ഥാപനത്തിലെ ജീവനക്കാരിയും മകൻ മാർത്താണ്ഡത്തെ കോളേജിലെ വിദ്യാർത്ഥിയുമാണ്. ഇരുവരും പകൽ സമയത്ത് വീട്ടിലുണ്ടാവാറില്ല. മൂവരും പല സമയങ്ങളിലാണ് വീട്ടിലെത്തുന്നത്. അതിനാൽ വീടിന്റെ താക്കോൽ സൂക്ഷിക്കുന്ന സ്ഥലം മനസിലാക്കിയ സനൽ അവിടെ നിന്ന് താക്കോൽ കൈക്കലാക്കി ബെഡ് റൂമിൽ നിന്ന് കാറിന്റെ താക്കോലെടുത്തു. തുടർന്ന് പഴയ മോഡൽ മാരുതി 800 കാർ കൈക്കലാക്കി. ഇത് കുടപ്പനക്കുന്നിൽ ഒരാൾക്ക് പണയം വച്ച് 20,000 രൂപ വാങ്ങി. സനൽ കാർ കൊണ്ടുപോയെന്നറിഞ്ഞ അലക്സ് ഓഫീസിലെ തന്റെ സഹപ്രവർത്തകനുമായി മണ്ണന്തല പൊലീസ് സ്റ്റേഷനിലെത്തി പരാതി നൽകി. മണ്ണന്തല പൊലീസ് കേസെടുത്ത് അന്വേഷണം നടത്തവെയാണ് സനൽ പിടിയിലായത്. കാർ പൊലീസ് കസ്റ്റഡിയിലാണ്.

ശിവരാത്രിയോടനുബന്ധിച്ച് കേരള ബ്രാഹ്മണ സഭയും എസ്.കെ ഹോസ്പിറ്റലും തീർത്ഥപാദ മണ്ഡപത്തിൽ ഒരുക്കിയ ശിവരാത്രി നൃത്ത സംഗീത സന്ധ്യ അശ്വതി തിരുനാൾ ഗൗരിലക്ഷ്മിഭായി ഉദ്ഘാടനം ചെയ്യുന്നു. മുൻ അംബാസഡർ ടി.പി. ശ്രീനിവാസൻ, എസ്.കെ ഹോസ്പിറ്റൽ എം.ഡി കെ.എൻ. ശിവൻകുട്ടി എന്നിവർ പങ്കെടുത്തു

പനമൂട് നാലാഞ്ചിറ ശ്രീ ഭഗവതി ക്ഷേത്രം

തിരുവനന്തപുരം: കുളത്തൂർ കിഴക്കുംകര പനമൂട് നാലാഞ്ചിറ ശ്രീ ഭഗവതി ക്ഷേത്രത്തിലെ കുംഭപ്പൂര മഹോത്സവം 24 ന് തുടങ്ങി മാർച്ച് 2 ന് സമാപിക്കും. 24 ന് രാവിലെ 11 ന് കൊടിമര ഘോഷയാത്ര, വൈകിട്ട് 7.45 ന് തോറ്റംപാട്ട് തുടക്കം. 25 ന് വൈകിട്ട് 4.30 ന് സ്കൂൾ കലോത്സവത്തിൽ മോഹിനിയാട്ടത്തിലും കുച്ചുപ്പുടിയിലും എ ഗ്രേഡ് നേടിയ കെ.ആർ. സായികൃഷ്ണയ്ക്ക് അനുമോദനം. കാര്യവട്ടം ശ്രീകണ്ഠൻനായർ കാഷ് അവാർഡ് സമർപ്പിക്കും. കൗൺസിലർ ശിവദത്ത്, തുമ്പ എസ്.ഐ പ്രതാപചന്ദ്രൻ തുടങ്ങിയവർ പ്രസംഗിക്കും. മാർച്ച് 2 ന് രാവിലെ 10 ന് പൊങ്കാല, വൈകിട്ട് 4 ന് കുത്തിയോട്ടം, 6.30 ന് ചപ്രംപുറത്ത് എഴുന്നള്ളത്ത്.

സംസ്ഥാന ഭാഗ്യക്കുറി വകുപ്പിന്റെ സുവർണ ജൂബിലി ആഘോഷത്തോടനുബന്ധിച്ച് നഗരത്തിൽ നടന്ന ഘോഷയാത്രയിൽ അണിനിരന്ന ഭിന്നശേഷിക്കാരായ ഭാഗ്യക്കുറി വില്പനക്കാർ

മത്സരയോട്ടത്തിനിടെ ബൈക്ക് അപകടത്തിൽപ്പെട്ടു; യുവാക്കളിൽ നിന്ന് കഞ്ചാവ് പിടികൂടി

കോവളം : പാച്ചല്ലൂരിൽ വാഹനാപകടത്തിൽപ്പെട്ട യുവാവിൽ നിന്ന് കഞ്ചാവ് പൊതികൾ പിടിച്ചെടുത്തു.

പാച്ചല്ലൂർ ഗവ. എൽ.പി.എസിന് സമീപം പണ്ടാരവിള ജംഗ്ഷനിൽ അപകടത്തിൽപ്പെട്ട ബീമാപള്ളി സ്വദേശി ഹക്കീമിൽ (22) നിന്നാണ് 25 ഗ്രാം തൂക്കമുള്ള 12 പൊതി കഞ്ചാവ് തിരുവല്ലം പൊലീസ് പിടിച്ചെടുത്തത്. ഇയാൾക്കൊപ്പം മത്സരയോട്ടം നടത്തിയ പൂന്തുറ സ്വദേശിയായ സെയ്ദലിയിൽ (30) നിന്ന് 200 ഗ്രാം കഞ്ചാവും പിടികൂടിയിട്ടുണ്ട്.

ഇന്നലെ വൈകിട്ട് അഞ്ചിന് പ്രദേശവാസികളെ ഭീതിയിലാഴ്ത്തി ഹക്കീമും സെയ്ദലിയും അമിതവേഗതയിൽ പൾസർ ബൈക്കുകളിൽ മത്സരയോട്ടം നടത്തിയിരുന്നു. ഇതിനിടെ ഹക്കീം ഓടിച്ചിരുന്ന ബൈക്ക് പണ്ടാരവിള ജംഗ്ഷനിൽ നിയന്ത്രണം തെറ്റി ഇലക്ട്രിക് പോസ്റ്റിലിടിച്ചു.

തലയ്ക്കും കൈകാലുകൾക്കും ഗുരുതരമായി പരിക്കേറ്റ് രക്തത്തിൽ കുളിച്ച് കിടന്ന ഹക്കീമിനെ നാട്ടുകാർ രക്ഷിക്കാനെത്തി. ഇതിനിടെ സെയ്ദലി ഹക്കീമിനെ കടത്തിക്കൊണ്ട് പോകാൻ ശ്രമിച്ചു. സംശയം തോന്നിയ നാട്ടുകാർ തിരുവല്ലം പൊലീസിനെ വിവരമറിയിച്ചു. പൊലീസെത്തി ഹക്കീമിനെ പരിശോധിച്ചപ്പോഴാണ് കഞ്ചാവ് പിടിച്ചെടുത്തത്.ഇതിനിടെ ബൈക്കിൽ രക്ഷപ്പെടാൻ ശ്രമിച്ച സെയ്ദലിയെയും പൊലീസ് പിടികൂടി. ഇയാളുടെ പോക്കറ്റിൽ നിന്നാണ് കഞ്ചാവ് പിടിച്ചെടുത്തത്. ബൈക്കിന്റെ രജിസ്ട്രേഷൻ നമ്പർ വ്യാജമാണെന്നും സംശയമുണ്ട്. പരിക്കേറ്റ ഹക്കീമിനെ 108 ആംബുലൻസിൽ തിരുവനന്തപുരം മെഡിക്കൽ കോളേജാശുപത്രിയിലേക്ക് മാറ്റി. സെയ്ദലിയെ തിരുവല്ലം പൊലീസ് കസ്റ്റഡിയിലെടുത്തു.

ഡോ. ഷാജിക്കുട്ടി ശാന്തിഗ്രാം ചെയർമാൻ

ഡോ. ഷാജിക്കുട്ടി

തിരുവനന്തപുരം: ശാന്തിഗ്രാമിന്റെ ചെയർമാനായി ഹോമിയോ ഡോക്ടർ ഷാജിക്കുട്ടിയെ തിരഞ്ഞെടുത്തു.

ഗാന്ധിയൻ കർമ്മ യോഗിയും ശാന്തിഗ്രാം ചെയർമാനുമായിരുന്ന ആർ.കെ. സുന്ദരത്തിന്റെ നിര്യാണത്തെ തുടർന്ന് ചപ്പാത്ത് ശാന്തിഗ്രാമിൽ ചേർന്ന യോഗത്തിലാണ് തീരുമാനം. വൈസ് ചെയർമാൻ കെ. സത്യവ്രതൻ അദ്ധ്യക്ഷത വഹിച്ചു. ഉപദേശക സമിതി അംഗങ്ങളായ കെ. പ്രതാപചന്ദ്രൻ, മുക്കോല പി. രത്നാകരൻ, അജിത് വെണ്ണിയൂർ എന്നിവർ സംസാരിച്ചു. ഹോമിയോപ്പതി മെഡിക്കൽ അസോസിയേഷൻ ദേശീയ പ്രവർത്തക സമിതി അംഗം, നാഷണൽ ജേർണൽ ഒഫ് ഹോമിയോപ്പതി എഡിറ്റോറിയൽ ബോർഡ് അംഗം എന്നീ നിലകളിൽ പ്രവർത്തിക്കുന്ന ഷാജിക്കുട്ടി, പൂവാർ ഗവൺമെന്റ് ഹോമിയോ ഡിസ്പെൻസറിയിലെ മെഡിക്കൽ ഓഫീസറാണ്. കേരള ഹോമിയോ മെഡിക്കൽ ഗ്രാഡ്വേറ്റ് അസോസിയേഷൻ ജനറൽ സെക്രട്ടറി, ഹോമിയോപ്പതി മെഡിക്കൽ പനോരമ സ്ഥാപക എഡിറ്റർ ഇൻ ചീഫ് എന്നീ നിലകളിൽ സേവനം അനുഷ്ഠിച്ചിട്ടുണ്ട്.

പാങ്ങോട്ട് കെ.വിക്ക് മികച്ച പരിസ്ഥിതി ബോധവത്കരണ വിദ്യാലയ പുരസ്കാരം

തിരുവനന്തപുരം: പരിസ്ഥിതി സംരക്ഷണത്തിന് നൽകിയ സംഭാവനകൾ കണക്കിലെടുത്ത് രാജ്യത്തെ അഞ്ച് മികച്ച സാമൂഹ്യ ബോധവത്കരണ മാതൃകാവിദ്യാലയങ്ങളിലൊന്നായി തലസ്ഥാനത്തെ പാങ്ങോട് കേന്ദ്രീയ വിദ്യാലയത്തെ തിരഞ്ഞെടുത്തു. 1193 സ്കൂളുകൾ മത്സരിച്ചതിൽ നിന്നാണ് ഈ ബഹുമതി. സെന്റർ ഫോർ സയൻസ് ആൻഡ് എൻവയൺമെന്റ് ആണ് പുരസ്കാരം ഏർപ്പെടുത്തിയത്.

പുരസ്കാരനിർണയത്തിന്റെ ഭാഗമായി ഭക്ഷണം, വെള്ളം, മാലിന്യം, വായു, ഊർജം, ഭൂമി എന്നിവയെ അടിസ്ഥാനമാക്കി സ്കൂൾ വളപ്പിൽ വിശദമായ പരിസ്ഥിതി പ്രവർത്തന ഓഡിറ്റ് നടത്തി. പരിസ്ഥിതി മലിനീകരണ നിയന്ത്രണ അതോറിട്ടി ചെയർമാൻ ഭൂരെലാൽ, സെന്റർ ഫോർ സയൻസ് ആൻഡ് എൻവയൺമെന്റ് ഡയറക്ടർ ജനറൽ സുനിത നാരായൻ എന്നിവരിൽ നിന്ന് സ്കൂൾ പ്രിൻസിപ്പൽ ഡോ. സിസി റോയ് മാത്യുവും അദ്ധ്യാപക പ്രതിനിധി മിനി അനിൽകുമാറും വിദ്യാർത്ഥി പ്രതിനിധികളും ചേർന്ന് പുരസ്കാരം ഏറ്റുവാങ്ങി.

സെന്റർ ഫോർ സയൻസ് ആൻഡ് എൻവയൺമെന്റ് ഏർപ്പെടുത്തിയ രാജ്യത്തെ മികച്ച സാമൂഹ്യ ബോധവത്കരണ വിദ്യാലയത്തിനുള്ള പുരസ്കാരം പാങ്ങോട് കേന്ദ്രീയ വിദ്യാലയം പ്രിൻസിപ്പൽ ഡോ. സിസി റോയ് മാത്യുവിന്റെ നേതൃത്വത്തിൽ ഏറ്റുവാങ്ങുന്നു

ഉച്ചഭാഷിണി ഉച്ചത്തിൽ വച്ചാൽ പിടി വീഴും

തിരുവനന്തപുരം: പരീക്ഷാക്കാലത്ത് ഉച്ചഭാഷിണികൾ ഉപയോഗിക്കുന്നതിനെതിരെ പരിശോധന തുടങ്ങി. അസിസ്റ്റന്റ് കളക്ടർ അനുപം മിശ്രയുടെ നേതൃത്വത്തിലുള്ള പ്രത്യേക സ്ക്വാഡാണ് പരിശോധന നടത്തുന്നത്. തഹസിൽദാർ, സ്റ്റേഷൻ ഹൗസ് ഓഫീസർമാർ, മലിനീകരണ നിയന്ത്രണ ബോർഡ് പ്രതിനിധികൾ എന്നിവരാണ് മറ്റ് അംഗങ്ങൾ.

പൊതുനിരത്തുകളിൽ 75 ഡെസിബലിലും ജനവാസകേന്ദ്രങ്ങളിൽ 65 ഡെസിബലിലും കൂടിയ ശബ്ദത്തിൽ ഉച്ചഭാഷിണികൾ ഉപയോഗിക്കുന്നവർക്കെതിരെ നടപടി സ്വീകരിക്കും. രാത്രി 10 മുതൽ രാവിലെ 6 വരെ ഉച്ചഭാഷിണി ഉപയോഗം കർശനമായി നിരോധിച്ചു. ലംഘിച്ചാൽ മൈക്ക് ഓപ്പറേറ്റർമാർക്കും സംഘാടകർക്കുമെതിരെ വിവിധ വകുപ്പുകളനുസരിച്ചുള്ള ശിക്ഷാ നടപടികൾ സ്വീകരിക്കുമെന്ന് കളക്ടർ ഡോ. കെ. വാസുകി അറിയിച്ചു.

കോടതി ഇടപെടണം

തിരുവനന്തപുരം : ബി.ജെ.പിയുടെ കാവി ഭീകരതയും സി.പി.എമ്മിന്റെ ഫാസിസ്റ്റ് നടപടിയും കൊണ്ട് കണ്ണൂരും കേരളവും ചോരക്കളമാകുന്നത് തടയാൻ സുപ്രീംകോടതി ഇടപെടണമെന്ന് ഐ.എൻ.ടി.യു.സി സ്റ്റേറ്റ് സെക്രട്ടറി ജി. സുബോധൻ പറഞ്ഞു. ഷുഹൈബ് വധത്തിൽ പ്രതിഷേധിച്ച് നടന്ന വിവിധ തൊഴിലാളി സംഘടനകളുടെ യോഗം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. അഡ്വ. പ്രാണകുമാർ, പുലിയൂർ ജി. പ്രകാശ്, വി.കെ. ആനത്താനം കെ. ജയരാമൻ, കെ. സുരേഷ്, മോഹനൻ തുടങ്ങിയവർ പ്രസംഗിച്ചു.

തമ്പാനൂർ ബസ് സ്റ്റാൻഡിൽ സാന്ത്വനമേകാൻ 'വഴികാട്ടി'

തിരുവനന്തപുരം: തമ്പാനൂർ ബസ് സ്റ്റാൻഡിൽ ബസ് കാത്ത് നില്ക്കുമ്പോൾ എന്തെങ്കിലും ശാരീരിക ബുദ്ധിമുട്ട് തോന്നിയാൽ വിഷമിക്കേണ്ട, തൊട്ടടുത്ത് ചികിത്സിക്കാൻ സംവിധാനമുണ്ട്. അതാണ് 'വഴികാട്ടി'.

നാഷണൽ ഹെൽത്ത് മിഷൻ പൊതുജനാരോഗ്യ സംരക്ഷണത്തിന്റെ ഭാഗമായിട്ടാണ് വഴികാട്ടി എന്ന പേരിൽ ഹെൽത്ത് കിയോസ്ക് സ്ഥാപിച്ചത്. തമ്പാനൂർ ബസ് ടെർമിനലിൽ ദേഹാസ്വാസ്ഥ്യം വരുന്നവർക്കും അപകടങ്ങളിൽ പെടുന്നവർക്കും പ്രഥമ ശുശ്രൂഷ നൽകി പ്രമുഖ ആശുപത്രികളിലേക്ക് 108 ന്റെ സംവിധാനത്തോടെ റഫർ ചെയ്യുന്ന സംവിധാനമാണിത്. ബ്ലഡ് പ്രഷർ, ബ്ലഡ് ഷുഗർ, ഇ.സി.ജി, എക്കോ, നെബുലൈസേഷൻ എന്നിവയും ഇവിടെ ചെയ്യാം. ഇതിന്റെ ഉദ്ഘാടനം ഉടൻ നടക്കും.

- എല്ലാ ദിവസവും രാവിലെ 9 മുതൽ വൈകിട്ട് 5 വരെയാണ് പ്രവർത്തനം.
- എല്ലാ ദിവസവും പരിശീലനം ലഭിച്ച ഹെൽത്ത് നഴ്സിന്റെ സേവനം.
- ആഴ്ചയിൽ മൂന്ന് ദിവസം ഒരു മെഡിക്കൽ ഓഫീസറും ഇവിടെ ഉണ്ടാകും.
- യാത്രക്കാർക്ക് അറിയുന്നതിലേക്കായി നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കും.
- ആശാ വർക്കറുടെ സേവനവും ഏർപ്പെടുത്തിയിട്ടുണ്ട്.
- വാക്സിനേഷൻ നൽകുന്നതിന് സൗകര്യം.
- ആറ്റുകാൽ പൊങ്കാലയിടാൻ വരുന്നവർക്കും ശബരിമല ഭക്തജനങ്ങൾക്കും ഗുണം ചെയ്യും.
- യാത്രക്കാരായ അമ്മമാർക്ക് മുലയൂട്ടുന്നതിന് സൗകര്യം.
- പൂർണമായും എയർ കണ്ടിഷൻ ചെയ്ത മുറികൾ

വൈലോപ്പിള്ളി സംസ്കൃതിഭവനിൽ നവീകരിച്ച രാകേന്ദു ഓപ്പൺ എയർ ആഡിറ്റോറിയത്തിന്റെ ഉദ്ഘാടന ചടങ്ങിൽ ഭാസ്കരൻ മാസ്റ്റർ പുരസ്കാരം നേടിയ പൂവച്ചൽ ഖാദറും നീലക്കുയിൽ പുരസ്കാരം നേടിയ നെടുമുടി വേണുവും മന്ത്രി എ.കെ. ബാലനോടൊപ്പം. എം.ആർ. ജയഗീത, കെ. മുരളീധരൻ എം.എൽ.എ, കെ. ചന്ദ്രിക എന്നിവർ സമീപം

ഭാസ്കരൻ മാഷിന്റെ ഓർമ്മ പുതുക്കി തലസ്ഥാനം

തിരുവനന്തപുരം: പി. ഭാസ്കരൻ മാഷിന്റെയും നീലക്കുയിലിന്റെയും ഓർമ്മയിൽ തലസ്ഥാനം. ഭാസ്കരൻ മാസ്റ്റർ സാംസ്കാരിക വേദി സംഘടിപ്പിച്ച നീലക്കുയിൽ സിനിമയുടെ 64-ാം വാർഷികാഘോഷ വേദിയിലാണ് നഗരം ഭാസ്കരൻ മാഷിന്റെയും മലയാളത്തിന്റെ വിഖ്യാത സിനിമയുടെയും മധുരസ്മരണ പുതുക്കിയത്.

വൈലോപ്പിള്ളി സംസ്കൃതി ഭവനിൽ നടന്ന പരിപാടിയിൽ ഭാസ്കരൻ മാസ്റ്റർ സാംസ്കാരിക വേദിയുടെയും നവീകരിച്ച രാകേന്ദു ഓപ്പൺ എയർ ഓഡിറ്റോറിയത്തിന്റെയും ഉദ്ഘാടനം മന്ത്രി എ.കെ ബാലൻ നിർവഹിച്ചു.

സിനിമാ അഭിനയത്തിൽ 40 വർഷം പൂർത്തിയാക്കിയ നെടുമുടി വേണുവിന് നീലക്കുയിൽ പുരസ്കാരവും, ഗാനരചനാരംഗത്ത് 45 വർഷം പൂർത്തിയാക്കിയ പൂവച്ചൽ ഖാദറിന് ഭാസ്കരൻ മാസ്റ്റർ പുരസ്കാരവും മന്ത്രി നൽകി. കെ. മുരളീധരൻ എം.എൽ.എ അദ്ധ്യക്ഷനായി. പി. ജയചന്ദ്രൻ അനുസ്മരണ പ്രഭാഷണം നടത്തി. വൈലോപ്പിള്ളി സംസ്കൃതി ഭവൻ സെക്രട്ടറി എം.ആർ. ജയഗീത, എം.ആർ. തമ്പാൻ, കെ. ചന്ദ്രിക, നീലക്കുയിലിൽ അഭിനയിച്ച വിപിൻ മോഹൻ എന്നിവർ സംസാരിച്ചു.

ഭാസ്കരൻ മാസ്റ്ററുടെ ഭാര്യ ഇന്ദിരയെ ചടങ്ങിൽ ആദരിച്ചു. തുടർന്ന് പി. ഭാസ്കരന്റെ ഗാനങ്ങൾ ഉൾപ്പെടുത്തി വയലാർ ഗായക സംഘം അവതരിപ്പിച്ച ഗാനാഞ്ജലിയുമുണ്ടായി.